GLPS Girls wadakanchery

# അക്കാദമിക മാസ്റ്റർ പ്ലാൻ

## STD I

## 2025-2026

# ക്ലാസ് - 1

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികാസമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, മറ്റു അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുന്നതിനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ വർഷം മെയ് മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് അവതരിപ്പിക്കുന്നത്.

# ഭാഷ, ഗണിതം, പരിസരപഠനം

## ഉദ്ദേശ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ഉചിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും, വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.
- കുട്ടിയുടെ ശാരീരിക മാനസിക കഴിവുകൾ ഉറപ്പാക്കുക.
- ഒറ്റ സംഖ്യയും ഇരട്ട സംഖ്യയും ഉൾപ്പെടുന്ന (1-20) ഉചിതമായ ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന്, കഴിവുള്ളവരാക്കുക.
- ഗണിതകിറ്റ് തയ്യാറാക്കുന്നു.
- വസ്തുക്കളുടെ വലുപ്പം, ഉയരം, കൂടുതൽ, കുറവ് തൂക്കത്തിൽ, താഴ്ച എന്നീ വസ്തുക്കൾക്കനുസരിച്ച് താരതമ്യം ചെയ്യുന്നു.

# പരിസര പഠനം / ഭാഷാ മലയാളം ഗണിതം

| | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | - ടീച്ചറും, രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം വ്യക്തമായി പങ്കിടുന്നു.<br>- ആദ്യ വായന (രക്ഷിതാക്കൾക്ക് കഥ പറയൽ - പരിശീലനം)<br>- പ്രാഗ് ഗണിതാശയങ്ങൾ മനസ്സിലാക്കുന്നതിന് അവസരങ്ങൾ ഒരുക്കുന്നു.<br>- ഗണിതകിറ്റ്, കുഞ്ഞു പുസ്തകങ്ങൾ എന്നിവ തയ്യാറാക്കുന്നു. |
| ജൂലൈ | - ടീച്ചർ കഥാപുസ്തകങ്ങൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.<br>- ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.<br>- ചിത്രകാർഡുകൾ, വായനാകാർഡുകൾ, നിർമ്മാണ ശില്പശാല, സംഖ്യാകാർഡുകൾ |
| ഓഗസ്റ്റ് | - സംയുക്ത ഡയറി എഴുതൽ<br>- ഡിജിറ്റൽ സാധ്യതകളിലൂടെ കഥ കാണാനും, കേൾക്കാനും പുസ്തകാവതരണത്തിനുമുള്ള സാധ്യത ഒരുക്കൽ<br>- പാട്ടരങ്ങ്<br>- 1-20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ |
| സെപ്തം-ബർ | - ചിത്രവായന നടത്തി പ്രസക്തമായ ഭാഗങ്ങൾ വാചികമായി പങ്കിടുന്നു.<br>- ചിത്രവായനാകാർഡുകൾ തയ്യാറാക്കൽ |

| | |
|---|---|
| | - ചിത്രങ്ങൾക്ക് അടിക്കുറിപ്പെഴുതുന്നു<br>- കൂട്ടുവായന<br>- സംഘഗാനങ്ങൾ ശേഖരിക്കൽ<br>- ഗണിതകിറ്റിലെ വസ്തുക്കൾ ഉപയോഗിച്ച് പ്രവർത്തനങ്ങളിലേർപ്പെടുന്നു |
| ഒക്ടോബർ | - ലഘുവായ വായനാകാർഡുകൾ സഹായത്തോടെയും അല്ലാതെയും വായിക്കുന്നു.<br>- ചെറിയ കുറിപ്പുകൾ എഴുതുന്നു.<br>- ഗണിതക്കളികളിൽ ഏർപ്പെടുന്നു<br>- സങ്കലന, വ്യവകലന ക്രിയകൾ നിർവ്വഹണം ചെയ്യുന്നു. |
| നവംബർ | - സചിത്രപുസ്തകം വായന<br>- സംഘഗാനങ്ങൾ ശേഖരിക്കൽ<br>- സംഘഗാനങ്ങൾ പാടി അവതരിപ്പിക്കൽ<br>- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ<br>- നിർമ്മാണ പ്രവർത്തനങ്ങൾ |
| ഡിസംബർ | - ~~സംയുക്ത ഡയറി പ്രകാശനം~~<br>- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ |
| ജനുവരി | - വായനാകാർഡുകൾ വായിക്കൽ<br>- കൊച്ചുചിത്രങ്ങൾ വരക്കൽ<br>- നിർമ്മാണ പ്രവർത്തനങ്ങൾ - |

| | |
|---|---|
| ഫെബ്രുവരി | - ബാലസാഹിത്യ കൃതികൾ ഒരുക്കുന്നു<br>- കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.<br>- ഗണിതക്രിയകളിൽ ഏർപ്പെടൽ<br>- ഭാഷോത്സവം സംഘടിപ്പിക്കുന്നു. |
| മാർച്ച് | - ചിത്രകഥാപുസ്തകങ്ങൾ വായിക്കുന്നു.<br>- സചിത്ര പുസ്തകങ്ങൾ വായിക്കുന്നു.<br>- ഗണിതക്രിയകൾ നിർധാരണം ചെയ്യുന്നു<br>- പഠനോത്സവം സംഘടിപ്പിക്കൽ<br>- കുഞ്ഞെഴുത്ത്, കുഞ്ഞുപുസ്തകം.<br>- സംയുക്ത ഡയറി പ്രകാശനം.<br>- നിർമ്മാണ പ്രവർത്തനങ്ങൾ - പ്രവൃത്തി പരിചയം. |

# ENGLISH

- Able to describe familiar objects, orally stating physical attributes such as size, colour etc.
- Familiarise with words denoting colours and numbers (1-10)
- Familiarise with the rhythms and pattern of songs.
- Able to add own lines to a given song by substituting words / phrases.
- Able to read conversations, songs and simple descriptions graphically.
- Construct dialogues related the specific contexts using fragmentary expressions or mixed with the mothertongue.

| | Activities |
|---|---|
| June | - Games<br>- Action song<br>- Simple words introducing and Provides picture cards. |
| July | - Says familiar words<br>- Reads and write familiar words. |
| August | - Introduce stories, Poems using ICT<br>- Conversations |
| September | - writing simple words<br>- Reads and enjoys pictures cards and reading cards.<br>- Language games |
| October | - Growing sentences. (practice)<br>- Hello English activities.<br>- Making Riddles. |
| November | - Preparing reading cards. |
| December | - Conversations - (practice)<br>- Add more lines.<br>- Picture descriptions. |
| January | - Enjoy songs and sings them with rhythm and action... |

| | |
|---|---|
| ebruary | - Action songs.<br>- Making Reading cards. |
| march | - Reads and writes simple sentences.<br>- Picture reading, picture Descriptions<br>- Reading of Reading cards. |

# GLPS GIRLS WADAKANCHERY

# അക്കാദമിക മാസ്റ്റർ പ്ലാൻ

## STD - II

## 2025- 26

# മലയാളം

കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും മികവു നേടി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ-ഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളുടെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)

## മുന്നൊരുക്കം

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

★ കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നെ കുട്ടിക്ക് ലക്ഷ്യമാക്കുന്നതിനുള്ള അവസരമുണ്ടാകുന്നു.

(പ്രവർത്തനലക്ഷ്യം.

ജൂൺ

ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

വായനാ സാമഗ്രികൾ നിർമിക്കൽ

വായനയും എഴുത്തും വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ വികസിപ്പിക്കൽ.

ജൂലൈ

ആശയമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

വീട്ടു ലൈബ്രറി ഒരുക്കൽ

ചിത്ര വിവരണം

വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാകുന്നു.

## സെപ്റ്റംബർ

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

വായിച്ച കഥാ രംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

## ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.

വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

Ex:- ആന
വലിയ ആന
കറുത്ത വലിയ ആന

## നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

## ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതി

# പരിസരപഠനം

**ലക്ഷ്യം:** ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു. ഈ പ്രത്യേകതകൾക്കനുസരിച്ച് സസ്യങ്ങളെ തരംതിരിക്കുന്നു. പട്ടികപ്പെടുത്തുന്നു.

## പ്രവർത്തനങ്ങൾ

### ജൂൺ

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ. എല്ലാ കുട്ടികൾക്കും വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നു. നല്ല നാളേക്കു വേണ്ടി കവിത ( ICT ) ഏറ്റുചൊല്ലുന്നു. പ്രകൃതി നടത്തം - സസ്യങ്ങൾ നിരീക്ഷിക്കുന്നു. പേരുകൾ കണ്ടെത്തുന്നു. നോട്ട്ബുക്കിൽ രേഖപ്പെടുത്തുന്നു. മരം വരച്ച് നിറം നൽകുന്നു.

### ജൂലൈ

വിവിധതരം ഇലകൾ ശേഖരിച്ച് ക്ലാസിൽ കൊണ്ടുവരുന്നു. അവയുടെ പേരുകൾ, പ്രത്യേകതകൾ ( ആകൃതി, നിറം, മണം, വലുപ്പം ) ഇലകളെ തരംതിരിക്കുന്നു.

### ആഗസ്റ്റ്

ഇലകൾ മണപ്പിച്ച് കണ്ടെത്തുന്നു. ഉപയോഗങ്ങൾ കണ്ടെത്തുന്നു. ഇലയും ഉപയോഗങ്ങളും പട്ടിക പൂർത്തിയാക്കുന്നു. ഇല പ്രിന്റ് ആൽബം തയ്യാറാക്കുന്നു.

### സെപ്തംബർ

ചെടിയെ പരിചയപ്പെടുന്നു. പരിചയപ്പെട്ട ഭാഗങ്ങൾ വരക്കുന്നു. അടയാളപ്പെടുത്തുന്നു. ( ICT )

## ആമുഖം

രണ്ടാം ക്ലാസിലെ കുട്ടികളുടെ സർഗാത്മകതയും ആശയ-ഗ്രഹണ ശേഷി ഉദ്ദേശത്തോടെ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ സംരംഭമാണ് സംയുക്ത ഡയറി. സചിത്ര-സർഗാത്മക ഡയറി. ഓരോ കുട്ടിയും അവരും മാതാപിതാക്കളുടെയും അധ്യാപകരുടെയും ചിന്തകളുടെയും സഹായത്തോടെ ദൈനംദിന ജീവിതാനുഭവങ്ങൾ ആവിഷ്കരിക്കുന്നു. ജീവിതത്തിലെ ഓരോ സംഭവവും കുട്ടികൾ നോക്കിക്കാണുന്ന രീതിയും ഭാഷാനൈപുണികൾ നേടുന്നതിലെ വളർച്ചയും ഇതിലൂടെ നമുക്കറിയാം. സ്വതന്ത്രമായ ഭാഷാ ശേഷികൾ നേടാൻ നമ്മുടെ കുട്ടികൾക്ക് സാധിക്കട്ടെ.

## ലക്ഷ്യങ്ങൾ

* ചിത്രങ്ങളിലൂടെ ജീവിതാനുഭവങ്ങൾ ഓർമ്മത്താളിൽ പതിപ്പിക്കാൻ സാധിക്കുന്നു.
* ഭാഷാനൈപുണികൾ / ശേഷികൾ നേടുന്നു.
* കുട്ടി സ്വയം തെരഞ്ഞെടുത്ത ദൈനംദിന ജീവിതാനുഭവങ്ങൾ ആശയാവിഷ്കാരം ചെയ്യുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | സാമഗ്രികൾ | ചുമതല |
|---|---|---|---|
| സംയുക്തഡയറി<br>മാതാപിതാക്കളുടെ സഹായത്തോടെ ദൈനംദിന ജീവിതാനുഭവങ്ങൾ തെരഞ്ഞെടുത്ത് ഒന്നോ രണ്ടോ വാക്യത്തിൽ ആവിഷ്കരിക്കുന്നു. | June<br>July | Note book<br>Crayons<br>Sketch pen<br>ചിത്രങ്ങൾ<br>Colour<br>A4 paper | മാതാപിതാക്കൾ<br>കുട്ടികൾ |
| മാതാപിതാക്കളുടെ സാന്നിധ്യത്തിൽ അവരുടെ ആവശ്യമുള്ള നിർദ്ദേശങ്ങളോടെ ചിത്രങ്ങൾ വരച്ചും കുട്ടി ദൈനംദിന ജീവിതാനുഭവങ്ങൾ സ്വയം ആവിഷ്കരിക്കാൻ ശ്രമിക്കുന്നു. | August<br>September | " | Teachers<br>കുട്ടികൾ<br>Parents |

## Aim

Simple Words, Simple Sentence to speak, Read and Write make Sure these are in the childrens.

## Pre test

To develop listening skills and reading skills first listening skills.

Familiaries with words like ant, apple, bat, bag etc and identifies the words.

## Activities

### June

* Simple words introducing
* Provides picture card
* Gives a familiar magic picture card (apple, ant, umbrella)

### July

* Says the familiar words
* writing familiar words
* Reading familiar words.

## November

* My Small description book is being prepared.
* preparing the reading card.
* The classroom provides more opportunities to read, write and speak English.
* Writes 5 English words daily
* prepared and displayed by "My English world."

## December

* My picture dictionary is being prepared.
* My growing book is being prepared
* Simple instructions in the classroom.
* Encourages digital reading in the classroom every day.

## January

* Enjoys songs and Sings them with rhythm and action.

# Readers Theater

കുട്ടികളുടെ വായനയെ മെച്ചപ്പെടുത്തുന്നതിന് സമഗ്രശിക്ഷ കേരളം വിദ്യാഭ്യാസം നടപ്പിലാക്കിയ പദ്ധതിയാണ് റീഡേഴ്സ് തിയേറ്റർ. ഓരോ യൂണിറ്റും കഴിയുന്നതോടെ കുട്ടികൾ ആ പാഠഭാഗത്തിന്റെ ആശയം മറന്നുപോകാതെ ക്രമമായി ഓർക്കുന്നതിനും ഗ്രഹിക്കുന്നതിനും ഈ പ്രവർത്തനം സഹായിക്കുന്നു. കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ആഖ്യാനം, സംഭാഷണം എന്നിവ കണ്ടെത്തി, നാടകാവിഷ്കാരം പോലെ വായിക്കുന്നു. ആവശ്യമായ ശബ്ദവ്യത്യാസം വരുത്തി പാഠഭാഗം വായിക്കുന്നത് കുട്ടിയെ ആശയങ്ങൾ ഉറപ്പിക്കാനും വായനയോടുള്ള അതിയായ ആവേശം വർദ്ധിപ്പിക്കാനും സഹായിക്കുന്നു.

## ലക്ഷ്യം

* ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു.
* മികച്ച വായനക്കാരായി മാറുന്നു.
* പാഠപുസ്തകങ്ങളിലെയും ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു-

| | | | |
|---|---|---|---|
| പുത്തരം പൊട്ടി പുത്തരം<br>കുട്ടികൾ ഗ്രൂപ്പായി തിരിഞ്ഞ് കഥാപാത്രങ്ങൾ, സംഭാഷണം ആഖ്യാനം എന്നിവ കണ്ടെത്തി അവതരിപ്പിക്കുന്നു.<br>കേരള പിറവി ദിനത്തിൽ അവതരിപ്പിക്കുന്നു. | Aug/Sep | vdo ചിത്രീകരണം | കുട്ടികൾ Trs Parents |
| രുചിമേള.<br>പാഠപുസ്തകം വായിച്ച് കുട്ടികൾ ഗ്രൂപ്പുകളായി കഥാപാത്രങ്ങളും സംഭാഷണവും ആഖ്യാനവും കണ്ടെത്തി വായിച്ചൊരുക്കുന്നു. അവതരിപ്പിക്കുന്നു (സർഗവേളയിൽ അവതരണം) | Sep | vdo ചിത്രീകരണം | കുട്ടികൾ Trs Parents |
| പറക്കും വീട്<br>അധ്യാപികയും കുട്ടികളും കഥാപാത്രങ്ങളും സംഭാഷണവും ആഖ്യാനവും കണ്ടെത്തി വായിച്ചൊരുക്കുന്നു. അവതരിപ്പിക്കുന്നു. CPTA, Cormu PTA എന്നിവയിൽ അവതരിപ്പിക്കുന്നു. | octo | vdo ചിത്രീകരണം | കുട്ടികൾ Trs Parents |
| മണിയന്റെ യാത്ര<br>പാഠപുസ്തകം വായിച്ച് കുട്ടികൾ ഗ്രൂപ്പുകളായി കഥാപാത്രങ്ങളും സംഭാഷണവും ആഖ്യാനവും കണ്ടെത്തി വായിച്ചൊരുക്കുന്നു. അവതരിപ്പിക്കുന്നു. കേരള പിറവി ദിനത്തിൽ അവതരിപ്പിക്കുന്നു | NOV- | vdo ചിത്രീകരണം | കുട്ടികൾ Trs Parents |
| പച്ചിലത്തുമ്പിലൂടെ<br>കുട്ടികൾ ഗ്രൂപ്പായി തിരിഞ്ഞ് കഥാപാത്രങ്ങൾ, സംഭാഷണം, ആഖ്യാനം എന്നിവ കണ്ടെത്തി ഒരുക്കുന്നു. അവതരിപ്പിക്കുന്നു. | NOV–DEC | vdo ചിത്രീകരണം | കുട്ടികൾ Trs parent |

| | | | |
|---|---|---|---|
| **ആരോഗ്യം സമ്പത്ത്** അദ്ധ്യാപികയും കുട്ടികളും കഥാപാത്രങ്ങളും, സന്ദർഭങ്ങളും ആഖ്യാനവും കണ്ടെത്തി വായിച്ചൊരുക്കുന്നു. അവതരിപ്പിക്കുന്നു. CPTA, Corner PTA എന്നിവയിൽ അവതരിപ്പിക്കുന്നു. | Decem-Janu | vdo ചിത്രീകരണം | Parents Trs കുട്ടികൾ |
| **സിംഹരാജനും മാൻകുഞ്ഞും** കുട്ടികളും അദ്ധ്യാപികയും കഥാപാത്രങ്ങളും, സന്ദർഭങ്ങളും ആഖ്യാനവും കണ്ടെത്തി വായിച്ചൊരുക്കുന്നു. അവതരിപ്പിക്കുന്നു. | Jan-Feb | vdo ചിത്രീകരണം | കുട്ടികൾ Trs Parents |
| **മിന്നിമിന്നുന്ന മിന്നാമിന്നി.** കുട്ടികളും അദ്ധ്യാപികയും മാതാപിതാക്കളും ചേർന്ന് വായിച്ചൊരുക്കി അവതരിപ്പിക്കുന്നു. വിദ്യുത് സ്കൂൾ വാർഷികാഘോഷത്തിൽ അവതരിപ്പിക്കുന്നു. | Feb-March | vdo ചിത്രീകരണം | രക്ഷിതാക്കൾ, Trs. |

# ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യുന്ന മേന്മകൊണ്ട്, തയ്യാറാക്കിയ പദ്ധതിയാണ് ഉല്ലാസഗണിതം. ഓരോ പഠനഘട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് മാർഗ്ഗരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലൂടെ തുടർച്ചയായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

# പ്രവർത്തന ലക്ഷ്യങ്ങൾ

- ഒന്നുമുതൽ നൂറുവരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാവതരണം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാകുട്ടികളിലും നേടിയെടുക്കുന്നതിന്.
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- ഒരുസംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തതരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ കഴിയുമെന്ന മേഖലയിൽ എത്തിച്ചേരൽ.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

# മുന്നൊരുക്കം

ഗണിതാശയങ്ങൾ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നാൽ 100

ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലത്തിൽ ഉൾപ്പെടുത്താനുള്ള കൂട്ടുന്നൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

## സെപ്റ്റംബർ

- ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
- വില വിവര പട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ.

## ഒക്ടോബർ

രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. (രണ്ടക്ക സംഖ്യയിൽ നിന്നും ഒരക്ക സംഖ്യയുടെ വ്യവകലനം. രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനം വ്യവകലനം)

സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ.)

5 .. 10 .. 15 .. 20 .. 25

(5 വീതം കൂട്ടിയാൽ പ്രശ്നവിശകലനം)

* ഉല്ലാസഗണിതം Materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

## മാർച്ച്

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്

  മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
* കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി മാറുക.

GLPS G wadakanchery

# ക്ലാസ് 3

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

STD III

# മലയാളം

## ആമുഖം

ഭാഷയിലടങ്ങിയ സൗന്ദര്യത്തിന്റെ ഒരടിസ്ഥാനഘടകം അതിന്റെ താളമാണ്. പദ്യത്തിലും ഗദ്യത്തിലും ഉൾച്ചേർന്ന താളവൈവിധ്യം കണ്ടെത്താനും ആസ്വദിക്കാനും കഴിയണം. ഇതിനുള്ള അവസരം കിട്ടുമ്പോഴാണ് കുട്ടിക്ക് ഭാഷയോട് ഇഷ്ടവും അടുപ്പവും വർധിക്കുന്നത്. അതിനുവേണ്ടിയാണ് നാടൻ ശീലിലുള്ള കവിതകൾ, നാടൻപാട്ടുകൾ, വായ്ത്താരികൾ, നാടോടിക്കഥകൾ, വാമൊഴിവഴക്കങ്ങൾ എന്നിവ പാഠഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

- പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ
- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് ...) ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചന നടത്തും (കഥ, കവിത, ഡയറി, ചി... ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കും. (വിവരണം, സംഭാഷണം)

## ജൂൺ - ജൂലൈ

1. കനകച്ചിലങ്ക.

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം.

- കഥാശേഖരണം.
- നാടൻപാട്ടിലെയും കവിതയിലെയും താളം
- കഥോത്സവം (നാടൻ കഥകൾ അവതരണം)
- കടങ്കഥാശേഖരണം, പതിപ്പ്
- കലാരൂപങ്ങൾ വേഷവിധാനം - ചിത്രശേഖരണം, ആൽബം

ആഗസ്റ്റ് - സെപ്റ്റംബർ

2. പലഹാരപ്പൊതി

- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
- പലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കൽ.
- കത്തുകൾ - മാതൃകകൾ.
- ഹരിതകർമസേന അംഗങ്ങളുമായി അഭിമുഖം.
- റോൾപ്ലേ അവതരണങ്ങൾ.

ഒക്ടോബർ.

3. മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം.
- കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ അവതരണം.
- കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ, വിവരണം, പതിപ്പ്.
- നാടൻപാട്ട് അവതരണം.

നവംബർ - ഡിസംബർ

4. അപ്പൂപ്പൻ താടി

- വരികൾ കൂട്ടിച്ചേർക്കൽ
- ചിത്രത്തിൽ നിന്നുള്ള വിവരണം
- കഥ എഴുതൽ
- യാത്രാനുഭവക്കുറിപ്പ്.

ജനുവരി - ഫെബ്രുവരി

5. നമ്മളൊന്ന്

- കത്ത്
- ആശംസാവാക്യങ്ങൾ
- ചിത്രത്തെ അടിസ്ഥാനമാക്കിയ കുറിപ്പ്
- പദങ്ങൾ അക്ഷരമാലാക്രമത്തിലെഴുതൽ

മാർച്ച്

6. മാനത്തോളം.

- പദക്കൂട്ടുകൾ കണ്ടെത്തൽ
- പോസ്റ്റർ രചന.
- ശാസ്ത്രപരീക്ഷണങ്ങൾ.

STD III

# ഗണിതം

## ആമുഖം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ വളരെ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയം ആണ് ഗണിതം. കുട്ടികളുടെ താല്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകും വിധം കളികളായും സർഗ്ഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം ക്രമപ്പെടുത്തിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* യുക്തിചിന്ത, വിശ്ലേഷണാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുത്തുക.
* 2000 വരെയുള്ള സംഖ്യകൾ വായിക്കുക, എഴുതുക.
* നാണയങ്ങൾ, നോട്ടുകൾ കൈകാര്യം ചെയ്യുക
* സങ്കലനക്രിയ, മനഗണിതം.
* നീളം അളക്കുന്നതിനുള്ള ഏകകങ്ങൾ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തൽ.
* 9 വരെയുള്ള സംഖ്യകളുമായി ബന്ധപ്പെട്ട ഗുണനവസ്തുതകൾ സംബന്ധിച്ച ധാരണ.
* പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർദ്ധാരണം ചെയ്യുന്നതിനുള്ള ശേഷി

ജൂൺ

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ നിർമിക്കൽ
- തോണി നിർമാണം.
- വെള്ളിമൂങ്ങയിൽ പ്രിന്റിംഗ്
- 1 മുതൽ 100 വരെ എഴുതിയ ടോക്കൺ

ജൂലൈ

- സംഖ്യാ സ്ട്രിപ്പുകൾ
- അബാക്കസ് നിർമാണം.
- 1000 വരെയുള്ള സംഖ്യകളെ അക്കത്തിൽ, അക്ഷരത്തിൽ എഴുതൽ.
- സങ്കലനത്തിലൂടെ പ്രായോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.

ആഗസ്റ്റ്

- 2000 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- മൂന്നക്കസംഖ്യകൾ നിർമിക്കൽ, വലുത്, ചെറുത് കണ്ടെത്തൽ.
- മൂന്നക്കസംഖ്യകളെ സ്ഥാനവില അനുസരിച്ച് പിരിച്ചെഴുതൽ.
- പാറ്റേൺ കണ്ടെത്തൽ
- പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ

സെപ്റ്റംബർ

- മീറ്റർ, സെന്റിമീറ്റർ എന്നിവ പരിചയപ്പെടുന്നു.
- അളവുകൾ ഊഹിച്ച് പറയുന്നു. അളന്ന് കണ്ടെത്തുന്നു
- പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം.

ഒക്ടോബർ

- ഗുണനവസ്തുതകളെക്കുറിച്ച് ധാരണ.
- പ്രായോഗിക പ്രശ്നങ്ങൾ,

നവംബർ

* രണ്ട് മൂന്നക്കസംഖ്യകളുടെ വ്യവകലനക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത രീതികൾ കണ്ടെത്തുന്നു.
* പ്രായോഗിക പ്രശ്നങ്ങൾ

ഡിസംബർ.

* സമയത്തിന്റെ ഏകകങ്ങൾ - മണിക്കൂർ, മിനുട്ട് തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു.
* സമയം അറിയുന്നതിനുള്ള ഉപകരണങ്ങൾ സൂക്ഷ്മതയോടും കൃത്യതയോടും കൈകാര്യം ചെയ്യുന്നു.
* കലണ്ടറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
* ഒറിഗാമി - രൂപ നിർമ്മാണം.

ജനുവരി

* ആവർത്തന സങ്കലനമാണ് ഗുണനം എന്ന വസ്തുത തിരിച്ചറിയുന്നു.
* ഗുണനവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ
* ഹരണക്രിയ എന്ന ആശയം.
* ഹരണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ

ഫെബ്രുവരി

* ഉള്ളളവ്, ഭാരം എന്നിവയുമായി ബന്ധപ്പെട്ട ആശയങ്ങൾ, ഏകകങ്ങൾ എന്നിവ കൃത്യതയോടെ ഉപയോഗിക്കുന്നു.
* ഇവ അളക്കുന്നതിനുള്ള ഉപകരണങ്ങൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നു.
* മി.ലി, ലി, ഗ്രാം, കി.ഗ്രാം എന്നിവ പരിചയപ്പെടുന്നു.

മാർച്ച്

* ചിത്രരൂപത്തിൽ നൽകിയ വിവരങ്ങൾ വിശദീകരിക്കുന്നു.
* വ്യാഖ്യാനിക്കുന്നു. അപഗ്രഥിക്കുന്നു. വിശദീകരിക്കുന്നു.

Introduction

The Kerala Curriculam Framework aims to develop a knowledge socielg, strengthen regional economies and promote vocational skils. It also address the impact of climate change, global warming and unscientific land use in Kerala, which has led to frequent natural disasters. The frame work should promote cultural diversity and unily in diversily, while also developing an attilude against drug abuse.

Objectives:

- Education for social justice.
- Education for creating a knowledge society.
- Education that aims at the overall development of the individual.
- Education that develops nationalism and responsible citizenship.
- Education that is inclusive.
- Education that uphdds constitutional values and sustains the essence of democracy.
- Education that materialises in creating an awareness about technology.
- Education that helps to develop environmental awareness.

## June - July

- The learner
- Listen to the instructions and acts accordingly
- Enjoys rhymes/poems and adds lines
- Writes descriptions.
- Writes conversation.
- Writes thoughts
- Uses - ing forms in sentences.
- Identifies describing words and rhyming words

## August - September

- Listens to simple instruction in English and acts accordingly.
- Listens to simple stories related to festivals
- reads simple stories
- Add more lines.
- Writes short descriptions
- Writes a recipe and prepares a dish
- Writes conversations.

## October - November.

- Listen to simple instruction and acts accordingly.
- Describe pictures in simple sentences.

- reads stories
- reads and enjoys simple poems
- solves riddles.
- Write thoughts and conversations.
- Add more lines
- rearrange the events of a story.
- Modal auxiliary can, can't

December - January.

- listen to simple stories and enjoy them.
- Add more lines.
- Write conversation, description and thoughts
- create slogans.
- reads, solves and writes simple riddles.
- Uses preposition over, under, in and on.

February - March.

- Comprehends and enjoys simple stories.
- Follows instructions and colours pictures.
- Writes thoughts and conversation.
- Describe a picture.
- Narrates the story in one's own words.

STD III

# പരിസരപഠനം

## ആമുഖം

പരിസരത്തെക്കുറിച്ച് പരിസരത്തിലൂടെ പരിസരത്തിനുവേണ്ടി പഠിക്കുന്നതാണ് പരിസരപഠനം. നിരീക്ഷിക്കൽ, വർഗ്ഗീകരിക്കൽ, അപഗ്രഥിച്ച് നിഗമനത്തിലെത്തൽ, ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ തുടങ്ങി നിരവധി പ്രക്രിയാശേഷികളുടെ വികസനം പരിസരപഠനത്തിലൂടെ സാധ്യമാകണം.

## ലക്ഷ്യങ്ങൾ

- കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക
- ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
- നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

## ജൂൺ

- സസ്യലോകത്തെ വൈവിധ്യം ആസ്വദിക്കുന്നു
- സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് തരംതിരിക്കുന്നു.
- പ്രൊജക്റ്റുകൾ.
- പരിസ്ഥിതിദിനവുമായി ബന്ധപ്പെട്ട് ചെടികളെയും വൃക്ഷങ്ങളും നടൽ, പരിപാലിക്കൽ
- പോസ്റ്റർ നിർമാണം.

## ജൂലൈ

- നമുക്കു ചുറ്റുമുള്ള ജന്തുലോകത്തിന്റെ വൈവിധ്യവും പ്രാധാന്യവും തിരിച്ചറിയുന്നു.
- ജൈവവൈവിധ്യ സംരക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മനോഭാവം.
- വിരൽ ചിത്രങ്ങൾ
- ശാസ്ത്രത്തിന്റെ രീതി പരിചയപ്പെടൽ
- കടലാസുനിർമിതികൾ

## ആഗസ്റ്റ്

- ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് മണ്ണും വെള്ളവും സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന ധാരണ.
- പരീക്ഷണങ്ങൾ
- പോസ്റ്ററുകൾ

## സെപ്റ്റംബർ

* കുട്ടികളിൽ വ്യക്തിശുചിത്വവും പരിസരശുചിത്വവും ശീലിക്കാനുള്ള മനോഭാവം വളർത്തിയെടുക്കൽ
* ശുചിത്വമില്ലായ്മ പലരോഗങ്ങൾക്കും കാരണമാകുന്നു എന്ന തിരിച്ചറിവ്.
* പരീക്ഷണങ്ങൾ
* പോസ്റ്ററുകൾ

## ഒക്ടോബർ

* ആഹാരത്തിൽ വൈവിധ്യമാർന്ന ഭക്ഷണപദാർത്ഥങ്ങൾ ഉൾപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് സ്വന്തം ഭക്ഷണം ക്രമീകരിക്കുന്നു.
* മികച്ച ആരോഗ്യത്തിന് നല്ല ആഹാരശീലങ്ങൾ തിരിച്ചറിഞ്ഞ് അവ പാലിക്കുന്നു.
* കൃഷിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പച്ചക്കറിത്തോട്ടം നിർമിക്കുന്നു.
* പരീക്ഷണങ്ങൾ
* പോസ്റ്ററുകൾ

## നവംബർ

* കളികളുടെ പ്രാധാന്യം തിരിച്ചറിയൽ
* ശരിയായ ആഹാരശീലങ്ങൾ പരിചയപ്പെടൽ പലതരം വസ്തുങ്ങൾ പരിചയപ്പെടൽ

## ഡിസംബർ

* ട്രാഫിക് നിയമങ്ങൾ പരിചയപ്പെടൽ
* വാഹനങ്ങൾ

* ട്രാഫിക് ലൈറ്റ് നിർമാണം
* പ്രഥമശുശ്രൂഷ - പരിചയപ്പെടൽ.

## ജനുവരി

* ഭൂമിയുടെ ആകൃതി തിരിച്ചറിയൽ
* രാത്രിയും പകലും പഠിക്കാം.

## ഫെബ്രുവരി

* ഇന്ത്യ. ദേശീയ ചിഹ്നങ്ങൾ പരിചയപ്പെടൽ.
* കേരളം - ജില്ലകൾ പരിചയപ്പെടൽ
* പദപ്രശ്നം
* വിവിധതരം തൊഴിലുകൾ

## മാർച്ച്

* ജീവികളുടെ കൂടുകൾ പരിചയപ്പെടൽ
* വീട് നിർമാണ ഘട്ടങ്ങൾ - ഫീൽഡ് ട്രിപ്പ്.

STD IV

# ഗണിതം

## ആമുഖം

വസ്തുതകളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് ഗണിതപഠനസമീപനം. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്രപഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. അർത്ഥപൂർണ്ണമായ ആശയരൂപീകരണങ്ങളിലൂടെ കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്ന ഗണിതപഠനസമീപനമാണ് നാം സ്വീകരിക്കുന്നത്.

## ലക്ഷ്യങ്ങൾ

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
* കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ നേടി എന്ന് ഉറപ്പാക്കുക.
* ആധുനിക സാങ്കേതിക വിദ്യകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
* യുക്തിചിന്ത, ഗണിതചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ജൂൺ

* നാലക്കസംഖ്യകളുടെ സംഖ്യാബോധം, വ്യാഖ്യാനം.
* കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിതകേളികൾ
* പാറ്റേൺ വിശകലനം.
* റോമൻ സംഖ്യാസമ്പ്രദായം പരിചയപ്പെടൽ
* മലയാള അക്കങ്ങൾ പരിചയപ്പെടൽ.
* ഡയസ് കളി, സംഖ്യാചക്രം തുടങ്ങിയ ഗണിതകേളികൾ
* ഗണിതമാല.

## ജൂലൈ

* ക്ലോക്ക്, വാച്ച് നോക്കി സമയം അറിയുന്നു.
* മിനുട്ടിന് സെക്കന്റുമായും മണിക്കൂറുമായുമുള്ള ബന്ധം വിശദീകരിക്കുന്നു.
* 24 മണിക്കൂർ ക്ലോക്കിൽ നൽകിയ സമയത്തെ 12 മണിക്കൂർ ക്ലോക്കിലേക്കും തിരിച്ചും മാറ്റിപ്പറയുന്നു.
* സമയത്തെ am, pm എന്നിവ ഉപയോഗിച്ച് പറയുന്നു.
* പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു
* സമയദൈർഘ്യം കണക്കാക്കുന്നു.
* കലണ്ടർ പരിശീലിക്കുന്നു.

## ആഗസ്റ്റ്

* നാലക്ക സംഖ്യകളുടെ സങ്കലനം.
* പുനഃക്രമീകരണം വരാത്തതിൽ നിന്ന് പുനഃക്രമീകരണം വരുന്നതിലേക്ക് സങ്കലനക്രിയകൾ അടങ്ങിയ പ്രായോഗികപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.
* ഗണിതക്വിസ് സംഘടിപ്പിക്കൽ.

## സെപ്റ്റംബർ.

* രണ്ട് നാലക്കസംഖ്യകൾ തമ്മിൽ വ്യത്യാസം കാണുന്നു.
* വ്യവകലനവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.
* ക്ലാസിലൊരു കച്ചവടം.

## ഒക്ടോബർ.

* ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ.
* ചതുരത്തിന്റെയും ത്രികോണത്തിന്റെയും ചുറ്റളവ് കണ്ടെത്തൽ.
* ചുറ്റളവുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങൾ
* ത്രിമാനവസ്തുക്കൾ പരിചയപ്പെടുത്തൽ.
* ജ്യോമട്രിക്കൽ ഡിസൈൻ വരയ്ക്കൽ.
* എക്സിബിഷൻ നടത്തൽ.

## നവംബർ

* സംഖ്യകൾ ആവർത്തിച്ചുകൂട്ടിവരുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ
* ഗുണനക്രിയകൾ ചെയ്യൽ.

## ഡിസംബർ

* ഹരണത്തിന്റെ വിവിധ രീതികൾ
* പ്രശ്നങ്ങൾ ഹരണക്രിയയിലൂടെ നിർദ്ധാരണം ചെയ്യൽ.
* പാറ്റേൺ കണ്ടെത്തൽ.
* പകുതി, കാൽഭാഗം കണ്ടെത്തൽ.

## ജനുവരി.

* നീളം അളക്കുന്നതിനുള്ള ഏകകം കണ്ടെത്തൽ.
* ചെറിയ യൂണിറ്റുകൾ കണ്ടെത്തൽ.
* ക്വിന്റൽ, ടൺ എന്നിവ തിരിച്ചറിയുന്നു.
* അളവുപാത്രങ്ങൾ.

## ഫെബ്രുവരി.

* ചിത്രങ്ങളും വരകളും ഉപയോഗിച്ച് വിവരങ്ങൾ അവതരിപ്പിക്കൽ.
* ചിത്രങ്ങളിലെ വിവരശേഖരണം നടത്തൽ.

## മാർച്ച്

* പതിനായിരത്തെ സ്ഥാനവില അനുസരിച്ച് വ്യാഖ്യാനിക്കൽ.
* അക്കത്തിലും അക്ഷരത്തിലും എഴുതൽ.

STD IV

# പരിസരപഠനം

## ആമുഖം.

പരിസരത്തെക്കുറിച്ച് പരിസരത്തിലൂടെ പരിസരത്തിനുവേണ്ടി പഠിക്കുന്നതാണ് പരിസരപഠനം. പ്രകൃതിദത്ത പരിസരം, മനുഷ്യനിർമിത പരിസരം തുടങ്ങിയവയാണ് പരിസരപഠനത്തിന്റെ ഉള്ളടക്കം. നിരീക്ഷിക്കൽ, വർഗീകരിക്കൽ, അപഗ്രഥിച്ച് നിഗമനത്തിൽ എത്തൽ, ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ തുടങ്ങി നിരവധി പ്രക്രിയാശേഷികളുടെ വികസനം പരിസരപഠനത്തിലൂടെ സാധ്യമാകണം.

## ലക്ഷ്യങ്ങൾ.

* കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
* ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക
* നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക.
* പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തിയെടുക്കുക
* പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവമാക്കുക.
* പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
* സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി വിനിയോഗിക്കുക.
* ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക, പങ്കാളികളാവുക.
* ശാസ്ത്രനേട്ടങ്ങൾ സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്തുക.

## ജൂൺ

* പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ, പരിപാലിക്കൽ.
* ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിച്ച് പ്രത്യേകതകൾ മനസ്സിലാക്കൽ.
* വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം
* ജീവികളുടെ പരസ്പരാശ്രയത്വം മനസ്സിലാക്കൽ.
* പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം.

## ജൂലൈ

* ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് പ്രത്യേകത മനസ്സിലാക്കൽ.
* സസ്യലോകത്തെ വൈവിധ്യം മനസ്സിലാക്കൽ.
* ലഘുപ്രോജക്റ്റ്.

## ആഗസ്റ്റ്

* ദേശസ്നേഹം, ദേശാഭിമാനം വളരുന്നു.
* സ്വാതന്ത്ര്യസമരസേനാനികളുടെ സംഭാവനകളും ജീവിതമൂല്യങ്ങളും ആദരവോടെ ഉൾക്കൊള്ളുന്നു.
* പ്രകൃതിയുടെ മനോഹാരിത നിലനിർത്തുന്നതിൽ പക്ഷികളുടെ പങ്ക് മനസ്സിലാക്കുന്നു.
* പക്ഷികളെ സംരക്ഷിക്കേണ്ടത് പ്രകൃതിയുടെ സന്തുലനത്തിന് അനിവാര്യമാണെന്ന് മനോഭാവം രൂപപ്പെടുന്നു.

സെപ്റ്റംബർ.

* കേരളത്തിലെ കലാരൂപങ്ങൾ കണ്ടെത്തുന്നു.
* കേരളത്തിന്റെ സാംസ്കാരിക വൈവിധ്യം തിരിച്ചറിയുന്നു.
* നാടൻ കളികൾക്കാവശ്യമായ കളിയുപകരണങ്ങൾ നിർമ്മിക്കുന്നു.

ഒക്ടോബർ.

* ആകാശനിരീക്ഷണം.
* ലഘുപരീക്ഷണങ്ങൾ.
* ഇന്ത്യയുടെ ബഹിരാകാശ നേട്ടങ്ങളെക്കുറിച്ച് അറിയുന്നു. അഭിമാനം കൊള്ളുന്നു.
* ബഹിരാകാശ ശാസ്ത്രത്തിൽ താല്പര്യം

നവംബർ

* ചുറ്റുപാടുമുള്ള അചേതനവസ്തുക്കളുടെ സൂക്ഷ്മതലങ്ങൾ തിരിച്ചറിഞ്ഞ് ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

* രൂപവടവായന.
* ദിശാചിഹ്നങ്ങളെക്കുറിച്ച് ധാരണ നേടൽ.

ജനുവരി

* സ്വന്തം രാജ്യത്തെക്കുറിച്ച് അഭിമാനം ഉളവാകുന്നു.

ഫെബ്രുവരി.

* വാർത്താവിനിമയരംഗത്തുണ്ടായ പുരോഗതിയിൽ അഭിമാനം കൊള്ളുന്നു.
* അപകടത്തിൽ പെടുവരെ സഹായിക്കേണ്ടതിന്റെ പ്രാധാന്യം.

മാർച്ച്.

* സ്വന്തം നാടിന്റെ ചരിത്രം കണ്ടെത്തുന്നു.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

STD - IV

2025 - 2026.

# മലയാള ഭാഷ (IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം, വായനാ കുറിപ്പ് ആസ്വാദന കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | HM, SRG Class teacher CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG Class teacher | PTA |

| | | | | |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖനശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class teacher | |
| രുചിച്ചറിയാം | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG Class teacher PTA | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് - ലേഖപ്രദർശനം - ജീവിതരേഖ തയ്യാറാക്കൽ - പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG Class teacher CPTA | |

| | | | | |
|---|---|---|---|---|
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് - കലാവതരണം കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class teacher | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class teacher | PTA |

# ഗണിതം (IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം ഗണിക്കാം** | | | | |
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ - മൂല്യനിർണയം (ഏണിയും പാമ്പും, ഡൈസ് കളി) സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>Class teacher | |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം - പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | Class teacher | PTA |
| **ഗണിതലാബ്** | | | | |
| ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>Class teacher | PTA |

| | | | | |
|---|---|---|---|---|
| ഗണിതച്ചുമർ | | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗികമൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ - ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Class teacher | PTA |
| ഗണിതപഠനോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG Class teacher | PTA |
| ഗണിതമേള | | | | |
| ഗണിതശേഷികളുടെ പ്രദർശനം | പ്രശ്നോത്തരി - പസിൽ - പാറ്റേൺ - പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG Class teacher | PTA |

# EVS (IV)

| പ്രകൃതി നടത്തം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| നിരീക്ഷണം - അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA<br>Class teacher | PTA |
| ശാസ്ത്രമൂല | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ - പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>Class teacher | PTA<br>SSA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>Class teacher | PTA<br>Parents |

| | | | | |
|---|---|---|---|---|
| ഭൂപടമൊരുക്കാം | | | | |
| കേരളം - ഇന്ത്യ - ഭൂപട വായന - സൂചിക - പരിചയപ്പെടൽ | ഭൂപടവായന<br>ഭൂപടരചന<br>സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | SRG<br>Class teacher | PTA |
| ശാസ്ത്ര വിസ്മയ ചുമർ | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>Class teacher | PTA |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്രപതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം - ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>Class teacher | PTA |
| ശാസ്ത്രമാസിക | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>Class teacher | PTA |

# ENGLISH (IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ 2 ദിവസം അസംബ്ലി ചേരൽ (മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | Class teacher | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | Class teacher | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ (skit, drama, conversation, story telling) | മാസത്തിലൊന്ന് | Class teacher | SMC |
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനാ ശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class teacher<br>SMC | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കയ്യെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലൂടെ രചനാ മികവ് | സ്കൂളിലെ വിശേഷദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | Class teacher | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>വായനാവേദി ഒരുക്കൽ<br>വായനാകുറിപ്പ് - പുസ്തക പരിചയം | ആഴ്ചയിൽ ഒന്ന് | Class teacher | Parents |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കൽ | വായനാ ഉത്സവം, രചനാ ഉത്സവം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | HM<br>PTA<br>SRG<br>Class teacher | PTA |

# AMP 2025-26
# 24615

# GLPS GIRLS
# WADAKANCHERY